ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**എ.സി.ഡി. ബി1/67291/2009/ഹ.സെ.വി** **തീയതി: 03/12/2009**

പ്രേഷിത,

ഡയറക്ടർ

സ്വീകർത്താവ്,

മേഖലാഉപമേധാവി
ഹയർസെക്കന്ററി വിദ്യാഭ്യാസം
തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്

സർ,

വിഷയം: ഹയർസെക്കന്ററി – ചിൽഡ്രൻസ് സയൻസ് കോൺഗ്രസ് 2010 ലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് – സംബന്ധിച്ച്.

സൂചന: ചിൽഡ്രൻസ് സയൻസ് കോൺഗ്രസ് പ്രവർത്തകസമിതിയുടെ മിനിറ്റ്സ്.

2010 ജനുവരി 4 മുതൽ 7 വരെ തീയതികളിലായി തിരുവനന്തപുരത്തുവച്ച് നടത്തപ്പെടുന്ന ചിൽഡ്രൻസ് സയൻസ് കോൺഗ്രസിലേയ്ക്ക് ഹയർസെക്കന്ററി വിഭാഗത്തിൽ നിന്നും സ്ഥിരം അംഗങ്ങളായി 40 വിദ്യാർത്ഥികളെയും ഫ്ളോട്ടിംഗ് അംഗങ്ങളായി തിരുവനന്തപുരം ജില്ലയിൽ നിന്നുമാത്രം 300 ഉം മറ്റു ജില്ലകളിൽ നിന്നെല്ലാമായി 300 ഉം വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാവുന്നതാണ്. സ്ഥിരം അംഗങ്ങൾക്കുമാത്രം യാത്രാചിലവുകൾ ലഭിക്കും.

ഓരോ സ്കൂളിൽ നിന്നും സയൻസ് വിഷയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ഏറ്റവും ഉയർന്ന മാർക്ക് നേടിയ ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയും തെരഞ്ഞെടുക്കാം. ഒന്നാം വർഷവിദ്യാർത്ഥിയാണെങ്കിൽ എസ്.എസ്.എൽ.സിയ്ക്ക് ലഭിച്ച ഉയർന്ന മാർക്കിന്റെ അടിസ്ഥാനത്തിലും രണ്ടാംവർഷ വിദ്യാർത്ഥിയാണെങ്കിൽ +1 ന് ലഭിച്ച ഉയർന്ന മാർക്കിന്റെ അടിസ്ഥാനത്തിലും തെരഞ്ഞെടുക്കാവുന്നതാണ്.

രണ്ടു വിദ്യാർത്ഥികളിൽ ഒരാൾ +1 ലും ഒരാൾ +2 ലും നിന്നാകുന്നതാണ് അഭികാമ്യം. ഇങ്ങനെ ലഭിക്കുന്ന ലിസ്റ്റിൽ നിന്നും ഏറ്റവും ഉയർന്ന മാർക്കു ലഭിച്ച 40 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് അവരെ അറിയിക്കുകയും വി.എസ്.എസ്.സി യ്ക്ക് ലിസ്റ്റ് നൽകുന്നതുമാണ്.

ഓരോ ദിവസവും പങ്കെടുപ്പിക്കേണ്ട വിദ്യാർത്ഥികളെ സ്ക്കൂൾ തലത്തിൽത്തന്നെ തെരഞ്ഞെടുത്ത് ലിസ്റ്റ് നൽകേണ്ടതാണ്.

വിദ്യാർത്ഥികളുടെ കൂടെ പോകുന്ന അദ്ധ്യാപകരുടെ ലിസ്റ്റ് ഡയറക്ടറേറ്റിൽ നിന്ന് അംഗീകരിച്ചു നൽകുന്നതായിരിക്കും.

മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾക്കനുസരിച്ച് വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും തെരഞ്ഞെടുക്കുന്നതിനായി സ്ഥിരാംഗങ്ങൾ, ഫ്ളോട്ടിംഗ് അംഗങ്ങൾ, അനുഗമിക്കുന്ന അദ്ധ്യാപകർ എന്നിവരുടെ ലിസ്റ്റ് തയ്യാറാക്കി അതാതു റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം ഈ ഓഫീസിൽ ഡിസംബർ 10-ാം തീയതിയ്ക്കകം ലഭ്യമാക്കേണ്ടതാണ്.

ഇതിനുള്ള അനുബന്ധം IV പ്രകാരമുള്ള 'വിദ്യാർത്ഥികളെക്കുറിച്ചുള്ള വിവരങ്ങൾ' പൂരിപ്പിച്ച് പ്രിൻസിപ്പൽമാർ ഒപ്പുവച്ച് നൽകേണ്ടതുമാണ്.

വിശ്വസ്തതയോടെ,

ഡയറക്ടർക്കുവേണ്ടി

പകർപ്പ്:-

എല്ലാ പ്രിൻസിപ്പൽമാർക്കും

Annexure IV

# Children's Science Congress 2010

( 04 - 01 - 2010 TO 06 - 01 - 2010 )

ISRO & University of Kerala

## STUDENT DETAILS

| | | |
|---|---|---|
| Name | : | |
| Class/ Division | : | |
| Stream of Study<br>State/ CBSE/ICSE | | |
| School Address & Phone no: | : | |
| Boy/ Girl<br>Date of Birth<br>Nationality | : | |
| Boarding place<br>Nearest Railway station /<br>Bustop/ Airport | : | |
| Residential Address and<br>Contact no:<br>Email if any | : | |
| Parent's/ guardian's<br>Name and address | | |

| | | |
|---|---|---|
| Photo of the student | : | |

| | | |
|---|---|---|
| With recommendation from the Head of the institution with Signature | | |

## For Office Use :

The day on which the student is participating: